# കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ ഇന്നുമുതൽ ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ.

കൊല്ലം : കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ഇന്ന് ശിശുദിനം മുതൽ നടപ്പാക്കുന്ന ശിശുസൗഹൃദ പോലീസ് സ്റ്റേഷന്റെ ഉദ്ഘാടനം വൈകിട്ട് മൂന്നരയ്ക്ക് ബഹു: മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസ് വഴി നിർവ്വഹിയ്ക്കും. സംസ്ഥാനത്ത് കൊല്ലം ഉൾപ്പെടെ മറ്റ് ആറ് സ്റ്റേഷനുകളുടേയും ഉദ്ഘാടനം തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിൽ നിന്നും മുഖ്യമന്ത്രി നിർവ്വഹിയ്ക്കും.




പ്രത്യകം നിർമ്മിച്ച കെട്ടിടത്തിലാണ് പദ്ധതി നിലവിൽ വരുന്നത് വരകളും വർണ്ണങ്ങളും നിറഞ്ഞ ചുമരുകളോടുകൂടിയ കെട്ടിടത്തിൽ തൊട്ടിലുകൾ, കളിപ്പാട്ടങ്ങൾ, പത്രമാസികകൾ, പുസ്തകങ്ങൾ, കൗൺസിലിംഗ് റുമുകൾ, ടി.വി, ബാത്ത് റൂം തുടങ്ങിയ സൗകര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്.

കൊല്ലം ശിശുസൗഹൃദ പോലീസ് സ്റ്റേഷന്റെ ഔപചാരികമായ ഉദ്ഘാടനം കൊല്ലം സിറ്റി പോലീസ് മേധാവി ശ്രീമതി അജിതാ ബേഗത്തിന്റെ അധ്യക്ഷതയിൽ ബഹു സൗത്ത് സോൺ ഏ.ഡി.ജി.പി ഡോ : ബി സന്ധ്യ IPS നിർവ്വഹിയ്ക്കും. യോഗത്തിൽ മേയർ വി.രാജേന്ദ്രബാബു തുടങ്ങിയവർ മുഖ്യ പ്രഭാഷണം നടത്തും.